**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജനന-മരണ രജിസ്ട്രേഷൻ - ദത്തെടുക്കപ്പെട്ട കുട്ടികളുടെ ജനന രജിസ്ട്രേഷൻ മാതാപിതാക്കളുടെ സ്ഥിര മേൽവിലാസമുൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യാനും പ്രസ്തുത സ്ഥലം ജനന സ്ഥലമായി രേഖപ്പെടുത്താനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ. (ആർ.റ്റി) നം.2143/2012/തസ്വഭവ. തിരുവനന്തപുരം, തീയതി 04/08/2012.

---

പരാമർശം:- 1. 22/11/2008-ലെ സ.ഉ.(സാധാ) നം.4106/08/തസ്വഭവ നമ്പർ ഉത്തരവ്
2.19/01/2010-ലെ സ.ഉ.(സാധാ) നം.193/10/തസ്വഭവ നമ്പർ ഉത്തരവ്.
3. 11/03/2011-ലെ സ.ഉ.(ആർ.റ്റി) നം.768/11/തസ്വഭവ നമ്പർ ഉത്തരവ്
4. 20/06/2011-ലെ സ.ഉ.(ആർ.റ്റി) നം.1480/2011/തസ്വഭവ നമ്പർ ഉത്തരവ്
5. കേരള അഡോപ്റ്റീവ് ഫാമിലീസ് ഓർഗനൈസേഷൻ സെക്രട്ടറിയുടെ 04/01/2012-ലെ നിവേദനം.
6.പഞ്ചായത്ത് ഡയറക്ടറുടെ 26/03/2012-ലെ ബി.1-4029/12 നമ്പർ കത്ത്.

**ഉത്തരവ്**

അംഗീകൃത അഡോപ്ഷൻ പ്ലേസ്മെന്റ് ഏജൻസികൾ മുഖേന കുട്ടികളെ ദത്തെടുക്കുന്ന കേസുകളിൽ ജനനം രജിസ്റ്റർ ചെയ്യുന്നതിന് ഏജൻസി സ്ഥിതി ചെയ്യുന്ന സ്ഥലത്തെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ അപേക്ഷ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകി പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു.

22/11/2008-ലെ ഉത്തരവിന് ശേഷമുള്ള എല്ലാ ദത്തെടുക്കലിനും കുട്ടിയെ നൽകുന്ന ഏജൻസി സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ജനന രജിസ്ട്രേഷൻ നടത്തേണ്ടതും ഏജൻസി സ്ഥിതി ചെയ്യുന്ന സ്ഥലം ജനന സ്ഥലമായി രേഖപ്പെടുത്തേണ്ടതും ടി ഉത്തരവിന് മുമ്പ് ദത്തെടുത്ത് നാളിതുവരെ ജനനം രജിസ്റ്റർ ചെയ്യാത്ത കേസുകളിൽ മാതാപിതാക്കളുടെ സ്ഥിരതാമസ സ്ഥലത്ത് ജനന രജിസ്ട്രേഷൻ നടത്തേണ്ടതും മാതാപിതാക്കളുടെ താമസസ്ഥലം ജനന സ്ഥലമായി രേഖപ്പെടുത്തി രജിസ്റ്റർ ചെയ്യാവുന്നതുമാണെന്ന് പരാമർശം 2 പ്രകാരം ഉത്തരവായിരുന്നു.

ദത്തെടുക്കപ്പെട്ട കുഞ്ഞുങ്ങളുടെ ജനന രജിസ്റ്ററിൽ ദത്തെടുക്കൽ കേന്ദ്രം ജനന സ്ഥലമായി രജിസ്ട്രേഷൻ നടത്തിയവർക്ക് ടി കേന്ദ്രം സ്ഥിതി ചെയ്യുന്ന സ്ഥലം കുട്ടിയുടെ ജനന സ്ഥലമായി തിരുത്തി നൽകുന്നതിന് പരാമർശം 3-ലെ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു.

ദത്തെടുക്കപ്പെട്ട കുട്ടികളുടെ കാര്യത്തിൽ ദത്തെടുക്കൽ കേന്ദ്രമോ കേന്ദ്രം സ്ഥിതി ചെയ്യുന്ന സ്ഥലമോ ജനന സ്ഥലമായി രജിസ്റ്റർ ചെയ്ത കേസുകളിൽ മാതാപിതാക്കളുടെ താമസസ്ഥലത്ത് ജനനം രജിസ്റ്റർ ചെയ്യുന്നതിനും മാതാപിതാക്കളുടെ വിലാസം കുട്ടിയുടെ ജനന സ്ഥലമായി രേഖപ്പെടുത്തുന്നതിന് പരാമർശം 4-ലെ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

നിലവിലെ സാഹചര്യത്തിൽ 22/11/2008-നുശേഷം കുട്ടികളെ ദത്തെടുത്തവർക്ക് ദത്തെടുക്കൽ കേന്ദ്രം സ്ഥിതി ചെയ്യുന്ന രജിസ്ട്രേഷൻ യൂണിറ്റിൽ കുട്ടിയുടെ ജനനം രജിസ്റ്റർ ചെയ്യേണ്ടി വരുന്നു. കുട്ടിയുടെ സ്കൂൾ രേഖ, പാസ്പോർട്ട് തുടങ്ങിയവയിൽ മാതാപിതാക്കളുടെ സ്ഥിരമേൽവിലാസം ജനന സ്ഥലമായി രേഖപ്പെടുത്തുകയും എന്നാൽ പിന്നീട് ഇത് മാറ്റുന്നതിന് ഇവർ നിരവധി പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടിയും വരുന്നു. ദത്തെടുക്കപ്പെട്ട കുട്ടികളുടെ ഭാവി ജീവിതവും മാനസികാവസ്ഥയും കണക്കിലെടുത്തും കുട്ടികളുടെയും മാതാപിതാക്കളുടെയും അഭിമാന ബോധത്തിന് ക്ഷതം സംഭവിക്കാതിരിക്കുന്നതിനും ദത്തെടുക്കപ്പെടുന്ന കുട്ടികളുടെ ജനനം മാതാപിതാക്കളുടെ സ്ഥിര മേൽവിലാസമുൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ചീഫ് ജനന-മരണ രജിസ്ട്രാറും ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു, താഴെ പറയുന്ന പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദത്തെടുക്കപ്പെട്ട് നാളിതുവരെ ജനനം രജിസ്റ്റർ ചെയ്യാൻ കഴിയാതിരുന്ന കുട്ടികളുടെ കാര്യത്തിലും ഇനിയും ദത്തെടുക്കപ്പെടുന്ന കുട്ടികളുടെ കാര്യത്തിലും ജനനം മാതാപിതാക്കളുടെ സ്ഥിരമേൽവിലാസമുൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യാനും പ്രസ്തുത സ്ഥലം ജനനസ്ഥലമായി രേഖപ്പെടുത്താനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**എ.ആർ.സുരേശൻ**
**ഡെപ്യൂട്ടി സെക്രട്ടറി**

ജനന മരണ ചീഫ് രജിസ്ട്രാർ ആന്റ് പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ജനറൽ സെക്രട്ടറി, കേരള സംസ്ഥാന ശിശുക്ഷേമ സമിതി, തിരുവനന്തപുരം
എല്ലാ ജനന മരണ രജിസ്ട്രാർമാർക്കും (ചീഫ് ജനന മരണ രജിസ്ട്രാർ മുഖേന)
ഡയറക്ടർ, സാമൂഹ്യക്ഷേമ വകുപ്പ്
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ,കെ,എം,തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഡയറക്ടർ, ഐ ആന്റ് പി.ആർ.ഡി (പത്ര മാദ്ധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്)

പകർപ്പ്: ബഹു:തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി,
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ
സെക്രട്ടറി, സാമൂഹ്യക്ഷേമ വകുപ്പ്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ